ഭരണഭാഷ – മാതൃഭാഷ

WCD/D3-13259/21

വനിത ശിശുവികസന ഡയറക്ടറേറ്റ്
പൂജപ്പുര, തിരുവനന്തപുരം.
തീയതി : 22/11/2021
ഇ-മെയിൽ directorate.wcd@kerala.gov.in
ഫോൺ നമ്പർ 0471-2346534

## സർക്കുലർ

വിഷയം : വനിത ശിശുവികസന വകുപ്പ് - ഡയറക്ടറേറ്റ് - ഔദ്യോഗിക ഭാഷ സംബന്ധിച്ച ജില്ലാതല സമിതി - യോഗം ചേർന്ന് റിപ്പോർട്ട് സമർപ്പിക്കുന്നത്- സംബന്ധിച്ച്.

സൂചന : 1. സർക്കാരിന്റെ 12.12.2014 ലെ സ.ഉ(കൈയ്യെഴുത്ത്) 42/2014/ഉ.ഭ.പ.വ നമ്പർ ഉത്തരവ്
2. ഈ കാര്യാലയത്തിലെ 09.06.2020 തീയതിയിലെ WCD/D3-27895/19 നമ്പർ സർക്കുലർ.
3. ഉദ്യോഗസ്ഥ-ഭരണപരിഷ്കാര (ഔദ്യോഗിക ഭാഷ) വകുപ്പിന്റെ 27.10.2021 തീയതിയിലെ ഒ.എൽ 2/60/2021/പി&എ.ആർ.ഡി നമ്പർ സർക്കുലർ.

സൂചനകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. വനിത ശിശുവികസന വകുപ്പിന്റെ ജില്ലാതല ഔദ്യോഗിക ഭാഷാ സമിതികൾ സൂചന (1) ലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ രൂപീകരിച്ച് ഈ കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. എന്നാൽ ജില്ലാതല ഔദ്യോഗിക ഭാഷാ സമിതി യോഗങ്ങൾ യഥാസമയം വിളിച്ച് ചേർത്ത് ഭാഷാമാറ്റ പുരോഗതി അവലോകനം ചെയ്യുന്നതിന് സൂചന (2) പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പല ജില്ലകളിലും യഥാസമയം യോഗം ചേരാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സൂചന (1) ലെ സർക്കാർ ഉത്തരവ് പ്രകാരം എല്ലാ വർഷവും ജനുവരി, മാർച്ച്, മെയ്, ജൂലൈ, സെപ്റ്റംബർ, നവംബർ മാസങ്ങളിൽ ജില്ലാതല ഔദ്യോഗിക ഭാഷാ സമിതി യോഗങ്ങൾ കൃത്യമായി വിളിച്ച് ചേർത്ത് ഭാഷാമാറ്റ പുരോഗതി അവലോകനം ചെയ്യേണ്ടതും ഭാഷാ മാറ്റ പുരോഗതി സംബന്ധിച്ച ഓരോ മാസത്തേയും റിപ്പോർട്ട് ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള മാതൃകയിൽ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്. കൂടാതെ ജില്ലാതല ഔദ്യോഗിക ഭാഷാ സമിതി യോഗങ്ങൾ ചേർന്നതിന്റെ യോഗ നടപടി റിപ്പോർട്ട് അതത് മാസം അവസാന തീയതിയ്ക്കകം ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

വനിത ശിശുവികസന ഡയറക്ടർക്കു വേണ്ടി

എല്ലാ ജില്ലാ വനിതാ ശിശു വികസന പദ്ധതി ഓഫീസർമാർക്കും.
എല്ലാ കീഴ് കാര്യാലയമേധാവികൾക്കും.
ഓഫീസ് കോപ്പി/കരുതൽ ഫയൽ

SSA-21

**വനിത ശിശുവികസന വകുപ്പ്**

**മലയാള ഭാഷാമാറ്റ പുരോഗതി റിപ്പോർട്ട്**

(മാസം )

| ക്രമ നമ്പർ | (1) മാസം /വർഷം | (2) കൈകാര്യം ചെയ്ത മൊത്തം ഫയലുകളുടെ എണ്ണം | (3) മലയാളത്തിൽ കൈകാര്യം ചെയ്ത ഫയലുകളുടെ എണ്ണം | (4) ഇംഗ്ലീഷിൽ കൈകാര്യം ചെയ്യുന്ന ഫയലുകളുടെ എണ്ണം | (5) ന്യൂനപക്ഷ ഭാഷകളിൽ കൈകാര്യം ചെയ്ത മൊത്തം ഫയലുകളുടെ എണ്ണം | (6) മലയാളത്തിൽ ൽ കൈകാര്യം ചെയ്യുന്ന ഫയലുകളുടെ ശതമാനം |
|---|---|---|---|---|---|---|
| | | | | | | |

വനിത ശിശു വികസന ഡയറക്ടർക്കുവേണ്ടി